**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പറപ്പൂക്കര ഗ്രാമപഞ്ചായത്ത്- 2011-12 ജനകീയാസൂത്രണ പദ്ധതിയിലുൾപ്പെടുത്തി 'എസ്. സി. വനിതകൾക്ക് പശു വളർത്തൽ '- പദ്ധതി നടത്തിപ്പിലെ ക്രമക്കേടുകൾ -വിജിലൻസ് വിഭാഗത്തിന്റെ ശിപാർശ പ്രകാരം ഫയൽ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്കായുള്ള ഓംബുഡ്സ്മാന് റഫർ ചെയ്തുകൊണ്ടുള്ള ഉത്തരവ് പിൻവലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്

**സ.ഉ(സാധാ)നം. 1428/2020/തസ്വഭവ തിരുവനന്തപുരം, തീയതി : 30.07.2020.**

പരാമർശം :- 1 16/05/2013-ലെ സ. ഉ (സാധാ) 1297/2013/ത സ്വ ഭ വ നമ്പർ ഉത്തരവ്.

2 01/01/2016- ലെ സ.ഉ.(സാധാ)നം 2/2016/ തസ്വഭവ നമ്പർ ഉത്തരവ്.

3 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ഓംബുഡ്സ്മാന്റെ സെക്രട്ടറിയുടെ 03.12.2019, 30.01.2020 തീയതികളിലെ എ 5/ ഒ.പി.(ആർ.സി.) 970/ 13/ ഒ ബി ഡി എൻ നമ്പർ കത്തുകൾ

**<u>ഉത്തരവ്</u>**

പറപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2011 -12 ജനകീയാസൂത്രണ പദ്ധതിയിലുൾപ്പെടുത്തിയ 'എസ്. സി. വനിതകൾക്ക് പശു വളർത്തൽ ' എന്ന പദ്ധതി നടത്തിപ്പിലെ ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസ് അന്വേഷണ റിപ്പോർട്ടിലെ ശിപാർശ പ്രകാരം, പ്രസ്തുത റിപ്പോർട്ട് അടങ്ങുന്ന സർക്കാർ ഫയൽ 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 271 എം (2), 271(ഒ ) വകുപ്പിലെ വ്യവസ്ഥകൾ പ്രകാരം തുടരന്വേഷണത്തിനും നടപടികൾക്കുമായി തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്കായുള്ള ഓംബുഡ്സ്മാന് കൈമാറി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2)പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് 2011 -2012 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-4 പ്രകാരം ഓഡിറ്റ് തടസ്സപ്പെടുത്തിയ 8 ലക്ഷം രൂപയ്ക്ക് പരാമർശം (2) പ്രകാരം സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത സാഹചര്യത്തിൽ ടി വിഷയത്തിൽ അന്വേഷണ റിപ്പോർട്ട് സമർപ്പിക്കേണ്ട ആവശ്യമുണ്ടോ എന്നതിൽ സർക്കാരിന്റെ അഭിപ്രായം അറിയിക്കാൻ പരാമർശം (3) പ്രകാരം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാൻ അഭ്യർത്ഥിച്ചിരുന്നു.

3)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പറപ്പൂക്കര ഗ്രാമപഞ്ചായത്തിലെ പട്ടികജാതി വനിതാ പശുപരിപാലനം പദ്ധതിയിലെ ക്രമക്കേടുകൾ സംബന്ധിച്ച വിഷയത്തിൽ ബഹു. കോടതിയുടെ ഉത്തരവ് പ്രകാരം വിജിലൻസ് സത്വരാന്വേഷണം നടത്തി തുടർനടപടി സ്വീകരിച്ചു വരുന്ന സാഹചര്യത്തിൽ, ടി വിഷയത്തിൽ ബഹു. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ ഓംബുഡ്സ്മാൻ മുഖേന വീണ്ടുമൊരന്വേഷണം ആവശ്യമില്ല എന്ന് കാണുന്നതിനാൽ തദ്ദേശസ്വയംഭരണ വകുപ്പുകൾക്കായുള്ള ഓംബുഡ്സ്മാൻ

തുടരന്വേഷണം നടത്തേണ്ടതില്ല എന്നും ബന്ധപ്പെട്ട സർക്കാർ ഫയൽ മടക്കി നൽകേണ്ടതാണെന്നും ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി.

സെക്രട്ടറി,തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാൻ ,സാഫല്യം കോംപ്ലക്സ് , നാലാം നില , ട്രിഡാ ബിൽഡിങ്,യൂണിവേഴ്സിറ്റി പി.ഒ..പാളയം. തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
സെക്രട്ടറി.പറപ്പൂക്കര ഗ്രാമപഞ്ചായത്ത് ,തൃശ്ശൂർ
എക്സിക്യൂട്ടീവ് ഡയറക്ടർ. ഐ.കെ.എം, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ